# എ എം ഹൈസ്കൂൾ തിരൂർക്കാട്



| |
|---|
| വിദ്യാഭ്യാസ ജില്ല |
| മലപ്പുറം |
| ഉപ ജില്ല |
| മങ്കട |
| പ്രഥമ അധ്യാപകൻ |
| അബ്ദുൽ മജീദ് ഇക്കെ |

# ആശംസകൾ

തിരുർക്കാട് എ എം ഹയർസെക്കൻഡറി സ്കൂൾ വിഭാഗം ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. വിദ്യാർത്ഥികളിലെ സർഗ്ഗാത്മക ബോധത്തെ പോഷിപ്പിക്കുന്നതോടൊപ്പം സാങ്കേതികവിദ്യയിൽ അനുഭവസമ്പത്തും നൽകുന്ന ഇത്തരം പ്രവർത്തനങ്ങൾ ഏറെ അഭിനന്ദനാർഹമാണ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികളെയും നേതൃത്വം നൽകുന്ന അധ്യാപകരെയും സന്തോഷം അറിയിക്കുന്നു. ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

അബ്ദുൽ മജീദ് ഇ കെ (ഹെഡ്മാസ്റ്റർ)

മാഗസിനുകളും പരിണാമത്തിന് വിധേയമാവുന്നു.എല്ലാം ഡിജിറ്റലാവുന്ന ഈ കാലത്ത് മാഗസിൻ മാത്രം എന്തിന് മാറി നിൽക്കണം.?

ആവശ്യത്തിന് വലുപ്പം കൂട്ടാം, കുറയ്ക്കാം,രാത്രിയിൽ കറണ്ട് പോയാലും വായിക്കാം,കോപ്പികൾ എത്ര വേണമെങ്കിലും ചിലവില്ലാതെ കൂട്ടുക്കാർക്ക് അയച്ചു കൊടുക്കാം;

പേപ്പർ രഹിതം, പരിസ്ഥിതി സൗഹൃദം,കാലം എത്ര കഴിഞ്ഞാലും കേടുകൂടാതെ കാത്തു സൂക്ഷിക്കാം,ഇരട്ടവാലനും ചിതലും തിന്നു തീർക്കുമെന്ന പേടി വേണ്ട...........

ഡിജിറ്റൽ മാഗസിൻ പുതിയ കാലത്തിന്റെ ആവശ്യകതയാണ്.

പ്രിയപ്പെട്ട കുട്ടികളെ ;

സർഗ്ഗചേതനകൾക്ക് ഡിജിറ്റൽ യുഗത്തിലും ചിറക്

വിരിയട്ടെ. വരും കാലത്തേക്ക് ഓർത്തിരിക്കാൻ ഇത് ഒരു മുതൽക്കൂട്ടാവട്ടെ.

കാലമേറെ കഴിയുമ്പോൾ ഓർമ്മകളുടെ മയിൽ പീലി തണ്ടുകൾക്ക് മാനം കാണാതെ ഒളിച്ചിരിക്കാൻ ഡിജിറ്റൽ താളുകളുടെ ഇടയിൽ സ്ഥാനമുണ്ടാവട്ടെ; ആശംസകൾ

സി. തോമസ്. സ്കറിയ

നമ്മുടെ സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്' നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ എല്ലാ വിധ ആശംസകളും അറിയിക്കുന്നു. കേരള ഗവണ്മെന്റിന്റെ നൂതന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ നൂതന മാതൃകയാണ് ഇതെല്ലാം. ഇതിനു വേണ്ടി പ്രവർത്തിച്ച എല്ലാ മിടുക്കരായ വിദ്യാർത്ഥികൾക്കും എല്ലാവിധ അഭിനന്ദനവും അറിയിക്കുന്നു.

ലൈല ടീച്ചർ (എച്ച്.എസ്.എ മലയാളം)

## ലിറ്റിൽകൈറ്റ്സ് സ്കൂൾതല നിർവഹണസമിതി

ചെയർമാൻ : റഫീഖ് കുറ്റീരി (പി.ടി.എ പ്രസിഡന്റ് )

കൺവീനർ : അബ്ദുൽ മജീദ് ഇ കെ (ഹെഡ്മാസ്റ്റർ)

വൈസ് ചെയർമാൻ : ബഷീർ (പി. ടിഎവൈസ്പ്രസിഡന്റ് )

ജോയിന്റ് കൺവീനർ : ഷാഹിന. എം (എസ്. ഐ. ടി. സി.)

കൈറ്റ് മാസ്റ്റർ : ഷഹീർ ടി

കുട്ടികളുടെപ്രതിനിധികൾ: മുഹമ്മദ് റിഷിൻ റോഷൻ(ലിറ്റിൽ കൈറ്റ്സ് ലീഡർ)

അർച്ചന : ( ലിറ്റിൽ കൈറ്റ്സ് അംഗം)

## പത്രാധിപ സമിതി

| | |
|---|---|
| മുഖ്യപത്രാധിപർ | : ഉസ്മാൻ ടി |
| ഹെഡ്മാസ്റ്റർ | : അബ്ദുൽ മജീദ് ഇ കെ |
| സ്റ്റാഫ് എഡിറ്റർ | : ഷാഹിന. എം ( കൈറ്റ് മിസ്ട്രസ് ) |
| കൈറ്റ് മാസ്റ്റർ | : ഷഹീർ ടി |
| സ്റ്റുടെന്റ്റ് എഡിറ്റർ | : ഫിദ ഉസ്മാൻ |
| തോമസ് സ്കറിയ | : (സീനിയർ അസിസ്റ്റന്റ് ) |
| ഉസ്മാൻ ടി | : (സ്റ്റാഫ് സെക്രട്ടറി) |
| മിൻഹ കെ | : (കൈറ്റ് ലീഡർ) |

അങ്ങ് ദൂരെയുള്ള ഒരു ഗ്രാമത്തിലെ കരിങ്കല്ല് ശിൽപ്പിയാണ് ഹഷ്നു.മികച്ച ഒരു ശിൽപ്പിയായതിനാൽ തന്നെ മറ്റുള്ളവർ അയാളുടെ ശിൽപ്പവിദ്യയെ വാനോളം പുകഴ്ത്തി.

മറ്റുള്ളവർ വാനോളം പ്രശസിച്ചിരുന്നെങ്കിലും ഹഷ്നുവിന് തൻ്റെ ജോലിയിൽ അസംതൃപ്തി ഉണ്ടായിരുന്നു.ദൈവത്തോട് എപ്പോഴും ഇങ്ങനെ പരാതിപ്പെട്ടിരുന്നു.ഒരുനാൾ ദൈവം പ്രത്യക്ഷപ്പെട്ടു ചോദിച്ചു "എന്താ നിന്റെആഗ്രഹം?" അയാൾ പറഞ്ഞു "എൻ്റെ ജോലി വളരെ കഠിനമാണ്.അതിനാൽ ഞാൻ ഇതിനേക്കാൾ ശ്രേഷ്ഠമായ ജോലിആഗ്രഹിക്കുന്നു".ദൈവം ചോദിച്ചു " നിന്റെ ഇഷ്ടമെന്താണ്? " ശിൽപ്പി പറഞ്ഞു " എനിക്ക് രാജാവാകണം,രാജാവായാൽ പിന്നെ ആരേയും ആശ്രയിക്കാതെ സ്വന്തം ഇഷ്ടപ്രകാരം ജീവിക്കാം." ദൈവം അവനെ ഒരു രാജാവാക്കി.അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു.ഒരു ദിവസം മദ്ധ്യാഹ്നം സമയത്ത് കുതിരസവാരി ചെയ്യുകയായിരുന്നു.ഉഗ്രമായ വെയിൽ,സൂര്യരശ്മികളെ അവൻതടുക്കാനായില്ല. വിയർത്തുകുളിച്ച് പരീക്ഷീണ നായ അയാൾ ദൈവത്തോടർജ്ജിച്ചു "അല്ലയോ ദൈവമേ സൂര്യനാണ് രാജാവിനേക്കാൾ ശക്തി, രാജാവിന് സൂര്യ രശ്മികളെ തടുക്കാൻ ആവില്ലല്ലോ? അങ്ങ് എന്നെ എന്നെ സൂര്യൻ ആക്കിയാലും"ദൈവം ഹഷ്നുവിനെ സൂര്യനാക്കി.സൂര്യനായി തീർന്ന ഹഷ്നു തൻ്റെ രശ്മികൾ ഭൂമിയിലേക്ക് അയച്ചു. നിർബാധം ഭൂമിയെ ആവരണം ചെയ്തുകൊണ്ടിരുന്ന രശ്മികൾക്ക് പെട്ടെന്ന് ഒരു പ്രതിബന്ധമുണ്ടായി മേഘങ്ങൾ!! മേഘ മാലകളുടെ കരിമ്പടം തുളച്ച

കയറുവാൻ സൂര്യൻ്റെ രശ്മികൾക്ക് പലപ്പോഴും കഴിയാതെയായി കാർമേഘങ്ങൾ നിറഞ്ഞ ദിവസങ്ങളിൽ സ്വന്തം മുഖശോഭ ഭൂമിയെ കാണിക്കുന്നതിന് പോലും സാധിച്ചില്ല.സൂര്യനായുള്ള ജീവിതവും ഹഷ്നുവിന് മടുത്തു.

തന്നെ മേഘമാക്കേണമേ എന്ന് എന്ന ശില്പി ദൈവത്തോട് അപേക്ഷിച്ചു. ആ അപേക്ഷയും ദൈവം സ്വീകരിച്ചു . മേഘം മാനത്ത് പാറി പറന്നു നടന്നു, പിന്നീട് ഘോരമായ മഴ ആയിമാറി ,ചിതറി വീണു മലമുകളിലൂടെ ചാലുകളും തോടുകളും പ്രവഹിക്കാൻ തുടങ്ങി അവസാനം പുഴയായി രൂപംകൊണ്ടു. മാമലകൾ കൂടി വെള്ളമായി കുതിച്ചുപാഞ്ഞു നദിക്കു സന്തോഷം തോന്നി. ഇതിനേക്കാൾ സന്തോഷപ്രദമായ ജീവിതം ഏത്? അങ്ങനെ സംതൃപ്തി പൂണ്ട നദിയുടെ കുത്തൊഴുക്കിന് തടങ്കൽ വെച്ച് ഒരുഗ്രൻ കരിങ്കൽ മല.അതിനോട് ഏറ്റുമുട്ടിയ നദി ഛിന്നഭിന്നമായി.ഇവിടെ കരിങ്കല്ലിനോട് ഏറ്റുമുട്ടി പരാജയത്തിന്റെ രുചി അറിഞ്ഞ നദി എന്ന കരിങ്കൽ ശിൽപ്പി വീണ്ടും ദൈവത്തോട് അപേക്ഷിച്ചു.

'ദൈവമേ നദിയേക്കാൾ ശക്തൻ കരിങ്കല്ലാണെന്ന് ഞാനറിയുന്നു.എന്നെ ഒരു കരിങ്കല്ലാക്കുക.അതാണ് എൻ്റെ വിനീതമായ ആഗ്രഹം.' ദൈവം ആ ആഗ്രഹവും നിറവേറ്റി. ഹഷ്നു കരിങ്കല്ലായി മാറി. മഴക്കാലം കഴിഞ്ഞു. നദിയിലെ വെള്ളം വറ്റി. കരിങ്കല്ല് നദിയിൽ ഉയർന്നുനിന്നു.

അന്ന് ഒരു കല്ലുളിയും ചുറ്റികയുമായി ഒരു ശില്പി വന്നു. ശിൽപമുണ്ടാക്കാനായി അയാൾ ആ കല്ല് കൊത്തിപ്പൊട്ടിക്കാൻ തുടങ്ങി. അപ്പോൾ ഹഷ്നു എന്ന ശില്പി ദൈവത്തോട് അപേക്ഷിച്ചു തൻറെ ആദ്യ രൂപം നൽകി ഒരു ശില്പിയായി മാറ്റണമെന്ന്. എല്ലാവരെയും ജയിച്ച കരിങ്കല്ലിനെ പോലെ ഇച്ഛയ്ക്കനുസരിച്ചു നിർത്താൻ കഴിവുള്ളത് ശിൽപിക്ക് മാത്രമാണ് എന്ന് അയാൾ മനസ്സിലാക്കി. ദൈവം കരിങ്കൽ ഹഷ്നുവിന് ശില്പിയുടെ രൂപം തിരിച്ചുനൽകി.

ശുഭം

ARCHANA

9 J

AMHSS THIRURKAD

## സാമൂഹിക ശാസ്ത്രത്തിൽ വിദ്യാഭ്യാസത്തിന് പങ്ക്

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. അതിനാൽ ജീവിതം വിജയകരമാക്കാൻ അതിനാവശ്യമായ വസ്തുക്കളെ പരാമർശിക്കുന്നതിന് സാമൂഹികശാസ്ത്രത്തിന്റെ വലിയ പങ്ക് വഹിക്കാനുണ്ട് പ്രത്യേകിച്ച് വളർന്നുവരുന്ന തലമുറയെ മനുഷ്യ സംസ്കാരത്തോടെ ചേർത്തു നിർത്തുന്നതിന് വിദ്യാഭ്യാസത്തിനു സാമൂഹിക ക്ലബ്ബുകൾക്കും അതിലുപരി സന്നദ്ധ സേവനങ്ങൾക്കും ഒരുപാട് ചെയ്യാനുണ്ട്. അപ്പോൾ മാത്രമേ വിദ്യാഭ്യാസത്തിനു സമൂഹത്തിൽ വേരുപിടിക്കാൻ അവസരമുള്ള ധാർമിക മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടുള്ള പഠനമാണ് ഒരു കുട്ടിയെ ഉന്നത വ്യക്തി ആകുന്നത് സാമൂഹികപ്രതിബദ്ധതയും സഹജീവിസ്നേഹവും ധാർമികബോധവും ഉള്ള ഒരു തലമുറയെ ആണ് നമുക്ക് വേണ്ടത്.

പഠിപ്പിക്കുന്നവ നല്ല അധ്യാപകൻ പഠിപ്പിക്കുന്ന വരെ പഠനത്തിൽ സഹായിക്കുന്നവനാണ് അറിവിന്റെ വിശാലമായ ലോകത്തേക്ക് വഴികാട്ടാൻ അധ്യാപകർ സഹായിക്കണം എന്നാൽ മാത്രമേ സമൂഹത്തോടുള്ള ബാധ്യത പൂർത്തിയാവുകയുള്ളൂ എങ്ങനെ ദൗത്യം പൂർത്തിയാക്കി

മാറിനിന്ന് വിചാരിച്ചത് ഇന്ത്യയിൽനിന്ന് നമുക്ക് വായിച്ചെടുക്കാൻ സാധിക്കും അതുകൊണ്ടുതന്നെ ചരിത്രം മാർച്ച് പിടിക്കേണ്ടതില്ല ആവർത്തിക്കാൻ വിട്ടേക്കാം.

നമുക്ക് ആധുനിക കാലത്തേക്ക് തന്നെ പ്രവേശിക്കാം മനുഷ്യസമൂഹം ശാസ്ത്രം സാമൂഹിക ഗണിത സൈക്കോളജിയും ആകാശവും ഭൂമിയും സമുദ്രവും എന്നുവേണ്ട മുഴുവൻ പ്രപഞ്ചത്തെയുംപഠിച്ചുകൊണ്ടിരിക്കുന്നു എല്ലാം നേടി കഴിഞ്ഞു എന്ന് അഹങ്കരിക്കുന്നു പക്ഷേ സാമൂഹികജീവിതത്തിൽ സ്വന്തം മാതാവിനെയും പിതാവിനെയും
തിരിച്ചറിയാത്തവൻ ആയി
മാറിക്കൊണ്ടിരിക്കുന്ന ഇന്നിന്റെലോകത്താണ് നാം ജീവിച്ചു കൊണ്ടിരിക്കുന്നത്.

മകൻ മാതൃത്വത്തെ ചോദ്യംചെയ്യുന്നു ഭാര്യ ഭർത്താവിനെ ആക്രമിക്കുന്നു. വിദ്യാർത്ഥി അദ്ധ്യാപകനെ ക്രൂശിക്കുന്നു അങ്ങനെ നീണ്ടുപോകുന്ന വിദ്യ നേടിയ കൈകളുടെ ക്രൂരതകളുടെ കഥകൾ..... ഇവിടെയാണ് ധർമ്മത്തിലെ ഇതൾവിരിയുന്ന
വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രസക്തമാകുന്നത്. ശാസ്ത്രവും സാമൂഹികവും ഗണിതവും പക്ഷേ ചന്ദ്രനിലും ചൊവ്വയിലും എത്തിനോക്കാൻ സാധിച്ചേക്കാം. അതിനുമുകളിലായി മനുഷ്യത്വം കണ്ടെത്താൻ കഴിയാത്ത ആഗ്രഹമുണ്ടെന്ന് തിരിച്ചറിവ് നാം സ്വായത്തമാക്കേണ്ടതാണ്. അതിനായി ഇത്തരം സുവനീറുകൾ വഴി കുരുന്നുകളെ കൈപിടിച്ചുയർത്താൻ

നമുക്കൊരുമിച്ച് കൈകോർക്കാം

ASHMIL

9H,AMHS THIRURKAD

# ഗണിത ശാസ്ത്ര പഠനം പുതിയ സമീപനം

നമ്മുടെ നിത്യജീവിതം കാര്യക്ഷമമായി നയിക്കാൻ ഗണിത പഠനം അനിവാര്യമാണ്. മെച്ചപ്പെട്ട സാമൂഹ്യജീവിതം നയിക്കാൻ പ്രാപ്തി കൈവരിക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനെ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് പ്രശ്നങ്ങൾ യുക്തിപൂർവ്വം അപഗ്രഥിക്കുന്ന അതിനും പ്രശ്ന പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിനും സാധ്യമാവണമെങ്കിൽ ഗണിതപഠനം കൂടിയേ തീരൂ.

മനുഷ്യ പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് യുക്തിചിന്ത ഈ ശേഷിയെ ഏറ്റവുമധികം പ്രകടമാകുന്നത് ഗണിതശാസ്ത്രത്തിൽ ആണ് ഗണിതം നമ്മുടെ കുട്ടികൾക്ക്

പ്രയാസമേറിയ വിഷയം എന്നാണ് പൊതുവിൽ രസകരമായ രീതിയിൽ കണക്ക് പഠിക്കാം ഓരോ പാഠം തുടങ്ങുമ്പോഴും അതിനു യോജിച്ച തരത്തിൽ ഉള്ള കളികൾ കടംകഥകൾ, ഗണിത ചിത്രങ്ങൾ എന്നിവയിലേതെങ്കിലുമൊന്ന് ഉണർത്തി പ്രവർത്തനമായി നൽകിയാണ് ക്ലാസ് ആരംഭിക്കുന്നത് കുട്ടികൾക്ക് ലഭിക്കേണ്ട പഠനനേട്ടങ്ങൾ സ്വായത്തമാക്കുന്ന അതിനാവശ്യമായ പഠനപ്രവർത്തനങ്ങൾ ക്ലാസിൽ അവതരിപ്പിക്കുകയും യോജിച്ച പഠനോപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു ഇതൊക്കെ ഗണിത പഠനം രസകരമാക്കാൻ സഹായിക്കുന്നു കുട്ടികളെ ഒരു കേൾവിക്കാരൻ എന്നതിലുപരി ഒരു കണ്ടുപിടുത്തക്കാരൻ എന്ന നിലയിലേക്ക് ഉയർത്തുന്നു.

പുതിയ ഗണിത ശാസ്ത്ര പഠന രീതിയിൽ പഠന പ്രത്യേക പരിപാടി വസ്തുവിനെ കാൾ പ്രാധാന്യം നൽകുന്നു അതിന്റെ ഭാഗമായി കുട്ടി തന്നെ നിരീക്ഷിക്കുക ശേഖരിക്കുക താരതമ്യപ്പെടുത്തുക വർഗീകരിക്കുക അസാമാന്യ വൽക്കരിക്കുക തുടങ്ങിയ പ്രക്രിയകളിൽ ഏർപ്പെടാൻ പറ്റിയ സാഹചര്യങ്ങൾ ക്ലാസിൽ സൃഷ്ടിക്കുന്നു അതുപോലെതന്നെ പരിസ്ഥിതിയെ പരമാവധി പ്രയോജനപ്പെടുത്തിയുള്ള പഠനവും ഇന്ന് കൂടുതൽ ഫലപ്രദം ആകുന്നു.

Fahima Riya. P

# കേരളം:അതിജീവനത്തിന്റെ പാതയിൽ

"മാമനകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത് മലയാളമെന്നൊരു നാടുണ്ട് കൊച്ചു മലയാളമെന്നൊരു നാടുണ്ട്"

മലയാളനാട് ഇന്ന് തൻ്റെ 65 ആം പിറന്നാൾ വളരെ ഗംഭീരമായി ആഘോഷിച്ചു കൊണ്ടിരിക്കുകയാണ്.എല്ലാ പിറന്നാളുകളിൽ നിന്നും വ്യത്യസ്തമായി ഇന്നത്തെ പിറന്നാൾ കേരളം അഘോഷിക്കുന്നത് അതിജീവനത്തിന്റെ കൊടുംകാറ്റ് വീശിക്കൊണ്ടാണ്. അതെ,2019 ന് ശേഷമുള്ള ഓരോ രാവിനും പകലിനും

അതിജീവനത്തിന്റെ പേടിപ്പെടുത്തുന്ന അസഹനീയമായ ഓരോ കഥകൾ പറയാനുണ്ടാകും.എന്നാൽ അവയുടെയെല്ലാം ഒടുക്കം ഒത്തിരി സന്തോഷം ഏകുന്ന ക്ലൈമാക്സ് ആയിതീർത്തത് രാവെന്നോ പകലെന്നോ ഇല്ലാതെ,കോടിക്കണക്കിന് ജീവൻ രക്ഷിക്കാനായി തന്റെ ജീവിതം പോലും ത്യാഗം ചെയ്യാൻ തയ്യാറായ ഒത്തിരി മനുഷ്യർ കാരണമാണ്.

2019 സമ്മാനിച്ച അതിഭീകരമായ പ്രളയത്തിൽ നിന്നും കരകയറാനായി കഷ്ടപ്പെട്ടുകൊണ്ടിരുന്നിരുന്ന കേരള ജനതക്കിടയിലേക്ക് പെട്ടന്നായിരുന്നു ആ വാർത്തയെത്തിയത്.ചൈനയിലെ ഒരു ലാബിൽ നിന്നും പൊട്ടിപ്പുറപ്പെട്ടു എന്ന് വിശ്വസിക്കപ്പെടുന്ന കോവിഡ് 19 എന്ന ഭീകര വൈറസ് ജനുവരി 30 ന് കേരളത്തിലും റിപ്പോർട്ട് ചെയ്തു എന്നത്.നിപ്പ എന്ന ഭീകരനെ ഒറ്റക്കെട്ടായി നേരിട്ട കേരളജനത ആരോഗ്യപ്രവർത്തകരിൽ തന്റെ വിശ്വാസം ഏൽപ്പിച്ചു.നീണ്ട ഒരു തുരങ്കത്തിനുള്ളിലൂടെ മുന്നിലെന്ത്

എന്നറിയാതെ സഞ്ചരിക്കുന്ന ഒരു തീവണ്ടിയുടെ അവസ്ഥയാണ് കോവിഡ് 19 എന്ന മഹാമാരിയിലൂടെ കടന്നുപോകുന്ന ഓരോരുത്തർക്കും.ഓരോ ദിവസവും രോഗികളുടെ കണക്ക് ജനതയുടെ കണക്ക് കൂട്ടലുകൾക്ക് തികച്ചും എതിരായി ഉയരാൻ തുടങ്ങി.

പേടികൊണ്ട് കഴിച്ചുകൂട്ടിയ 100 ലെറെ ദിവസങ്ങൾ.രോഗബാധിതർ ഓരോരുത്തരായി മരണമടയുന്ന അതിഭീകരമായ അവസ്ഥ. മരണപ്പെട്ടവരുടെ കുടുംബത്തിന് അവസാനമായി ഒരുനോക്ക് കാണാൻ ഉള്ള അവസരം പോലുമില്ലാതെ,വീട്ടിനു പുറത്തിറങ്ങാൻ പേടിച്ച രാവുകൾ പകലുകൾ,രോഗികളെ ശുശ്രൂഷിക്കുന്നതിനിടെ അസുഖം പിടിപെട്ട് ആരോഗ്യപ്രവർത്തകർ മരണമടയുന്ന അവസ്ഥ.കടകൾ ദിവസവും തുറക്കാതെയായി,ആളുകൾ മാസ്ക് എന്നൊരു പുതിയ വസ്ത്രത്തെ പരിചയപ്പെട്ടു തുടങ്ങിയ ദിനങ്ങൾ,ആളുകൾ കയറാതെ ഇത്തിരി ലാഭം പോലുമില്ലാത്തതിനാൽ പൊതുവാഹനങ്ങൾ ഓട്ടം നിർത്തിയ ദിനങ്ങൾ, എന്ന് ഇനി എന്നൊരു ചോദ്യചിഹ്നവുമായി വിദ്യാലയങ്ങൾക്ക് പൂട്ടുവീണു.അവിടെയൊന്നും നാം തളർന്നില്ല. ഓൺലൈൻ എന്നൊരു പുതിയ പ്ലാറ്റ്ഫോം എല്ലാത്തിനും പരിഹാരമായി. ഒറ്റക്കെട്ടായി നാം പോരാടി. എന്നാൽ ഇന്നതല്ല അവസ്ഥ.എല്ലാം പഴയപടിയായിക്കൊണ്ടിരിക്കുന്നു. പ്രതീക്ഷകളുടെ ഒരായിരം പൊൻകതിർ വിളയിച്ചു കൊണ്ട് ഒന്നര വർഷങ്ങൾക്ക് ശേഷം സ്കൂളുകളിൽ മണി മുഴങ്ങി. എങ്ങും ആനന്ദവും ആഘോഷവും.

സന്തോഷ ദിനങ്ങക്കിടയിൽ പെട്ടെന്നൊരു ദിവസം ചോരാതെ മഴ പെയ്യാൻ തുടങ്ങി.പ്രതീക്ഷകൾ എല്ലാം വെള്ളത്തിലായി.നിരവധി വീടുകൾ ഒലിച്ചുപോയി.പലയിടത്തും

കാണാതെ ആയി.ഓരോ ഭാഗങ്ങളിലായി ഓരോരുത്തരും അവയെയും അതിജീവിക്കാൻ തുടങ്ങി.ഒന്നും പൂർണമായി ഒഴിഞ്ഞു മാറിയിട്ടില്ല. ഇനിയെന്ത് വന്നാലും നാം ഒറ്റക്കെട്ടായിത്തന്നെ നേരിടും. ഇന്ത്യയെന്ന രാജ്യത്തെ ഈ കൊച്ചു സംസ്ഥാനം ലോക രാഷ്ട്രങ്ങൾക്കിടയിൽ ചർച്ചയായിട്ടുണ്ടെങ്കിൽ അവർ നമ്മെ മാതൃകയാക്കിയിട്ടുണ്ടെങ്കിൽ അത് ശൈലജ ടീച്ചർ പോലുള്ള ലക്ഷക്കണക്കിന് മനുഷ്യരുടെ ത്യാഗ മനസ്സ് കൊണ്ടാണ്. ഇനിയെന്ത് വന്നാലും നാം അതിജീവിക്കുമെന്ന സത്യം കഴിഞ്ഞു പോയ ദിനങ്ങൾ വിളിച്ചോതുകയാണ്.ഞാനുറക്കെപ്പറയുന്നു, നാം അതിജീവിക്കും. അല്ല, നാം അതിജീവിച്ചു കൊണ്ടിരിക്കുകയാണ്!!!!!!

Fahmi KT, FORMER STUDENT OF AMHSS THIRURKAD

## ഗണിത ശാസ്ത്ര ചരിത്രം

കൂട്ടുകാരെ എല്ലാ ശാസ്ത്രങ്ങളുടെയും രാജാവായാണ് ഗണിതശാസ്ത്രത്തെ പരിഗണിക്കുന്നത് നിത്യജീവിതത്തിൽ നിന്നും നാം അറിഞ്ഞും അറിയാതെയും എത്രയേറെ പ്രയോജനപ്പെടുത്തുന്ന മറ്റൊരു വിഷയം ഉണ്ടാവില്ല ഇത്തരത്തിലുള്ള വിഷയത്തിലെ ചരിത്രം ഒന്നു നമുക്ക് പരിചയപ്പെടാം.

എല്ലാ ലോക സംസ്കാരങ്ങളുടെയും വളർച്ചയുടെ കൂടെ കുറച്ചു കഴിഞ്ഞതും വളർന്നിട്ടുണ്ട്. ചിലപ്പോഴെല്ലാം ഗണിതം ഒരു സംസ്കാരത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് പകർന്നു പോയിട്ടുണ്ട്. ഇപ്പോൾ ലോകമാസകലം ഗണിതശാസ്ത്രം ഒരൊറ്റ ശാസ്ത്രമായി നിലകൊള്ളുന്ന എങ്കിലും അതിന്റെ പിന്നിൽ ബൃഹത്തായ ചരിത്രമുണ്ട്. അതിന്റെ വേരുകൾ പുരാതന ഈജിപ്തിലും ബാബിലോണിയയിലും ഇന്ത്യയിലും ആണെങ്കിലും ദ്രുതഗതിയിലുള്ള വളർച്ച പുരാതന ഗ്രീസിൽ ആയിരുന്നു. തുടർന്ന് അനേകം വർഷങ്ങളിലൂടെ അത് ലോകത്ത് ഇന്ത്യൻ സമ്പത്ത്

ആവുകയും ചെയ്തു.

ഗണിത സമ്പ്രദായങ്ങൾ ഗവേഷണ പഠനങ്ങൾക്ക് അവരെ പ്രയോജനകരമാണെന്ന് തിരിച്ചറിഞ്ഞത് ശാസ്ത്രജ്ഞരാണ് വില ആവശ്യം ലഭ്യത ഉപയോഗം തുടങ്ങിയ അടിസ്ഥാന ആശയങ്ങളും ഇവ തമ്മിലുള്ള ബന്ധവും ഗണിത പ്രതീകങ്ങളും ഉപയോഗിച്ച് ചിത്രീകരിച്ചാൽ എളുപ്പവും സൂക്ഷ്മവും ആകുമെന്ന് കണ്ടെത്തി അപ്രകാരം ഗണിതീയ ധനതത്വശാസ്ത്രം എന്നൊരു ശാസ്ത്രശാഖ രൂപം നൽകി. ഈ മേഖലയിൽ ഗണിതത്തിന് പ്രയോഗം വഴിയുണ്ടായ നേട്ടങ്ങൾ മറ്റെല്ലാ വിജ്ഞാന ശാഖകളിലും ഗണിതശാസ്ത്രം പ്രചരിക്കാൻ ഇടയായി. ചുരുക്കത്തിൽ ഇന്ന് എല്ലാ ശാഖകളിലും ഗണിതശാസ്ത്രത്തിന് അനു പ്രയുക്ത മേഖലകളായി മാറി.

മോസ്സൊപൊട്ടമിയായിലും ബാബിലോണിയയിലും ആണ് ചരിത്രത്തിൽ ഗണിത ശാസ്ത്ര ശാഖ വിശ്വസിച്ചിരുന്നത് രേഖപ്പെടുത്തി വെച്ചിരുന്ന ഇവരുടെ ശാസ്ത്രജ്ഞന് വായിച്ച് എടുത്തിട്ടുണ്ട്. ഡിസി 2100 മുംബൈ എഴുതപ്പെട്ടിരിക്കുന്ന ഇവ കാണിക്കുന്നത് വില ഉപയോഗിച്ച് സംഖ്യകൾ സൂചിപ്പിക്കുന്ന രീതി അന്ന് നിലവിലുണ്ടായിരുന്നു എന്നതാണ് അവർ ഉപയോഗിച്ചിരുന്ന 60 ന്റെ ഘാതകങ്ങൾ ആയിരുന്നു. മരത്തൊലി രേഖപ്പെടുത്തിയ കയ്യെഴുത്ത് ഗ്രന്ഥം പൗരാണിക ഭാരതത്തിലെ ഗണിത വിജ്ഞാനത്തിന് സാക്ഷ്യം നൽകുന്നു.

ഭാരതത്തിൽ ബിസി ആറാം നൂറ്റാണ്ടിൽ മുമ്പ് തന്നെ ഗണിതശാസ്ത്രം വളരെയേറെ പുരോഗതി പ്രാപിച്ചിരുന്നു. സൂര്യ സൂത്രങ്ങൾ എന്ന ക്ഷേത്ര ഗണിത ഗ്രന്ഥങ്ങൾ എഴുതപ്പെടുന്നത് ഇക്കാലത്താണ്. ഋഗേദ സംഹിത, തൈത്തിരിയ ബ്രഹ്മണം തുടങ്ങിയ അതിപുരാതന ഗ്രന്ഥങ്ങളിൽ സൂചിപ്പിച്ച ഉള്ളവയായിരുന്നു ഇവ. പല ജാമിതീയരൂപങ്ങൾ

കുറിച്ചും അവയുടെ നിർമ്മിതിയെ കുറിച്ചുമെല്ലാം ഇതിൽ പ്രതിപാദിക്കുന്നു വ്യത്യസ്തമായ ഒരു സമീപനത്തോടെ യൂക്ലിഡ് പിൽക്കാലത്ത് ഈ വിശദീകരിക്കുന്നുണ്ട്.

ജൈനമതത്തിലെ ആവിർഭാവവും ഗണിതശാസ്ത്ര പഠനം പ്രോത്സാഹിപ്പിച്ചു. ഭാരതീയ ഗണിത ശാസ്ത്രകാരന്മാർ ഗണിത സാരസംഗ്രഹം എന്ന ഗ്രന്ഥത്തിൽ കർത്താവായ മഹാവീരൻ ശ്രദ്ധ ഗണിതത്തിൽ പ്രഗത്ഭൻ ആയിരുന്നു. പത്ത് സ്ഥാന മൂല്യമുള്ള സമ്പ്രദായത്തിന് പ്രാധാന്യം നൽകി കൂടാതെ ഭാരതത്തിലെ ഏറ്റവും വലിയ സംഭാവന പൂജ്യത്തിന്റെ കണ്ടുപിടിത്തമാണ്. ഭാരതത്തിൽ നിന്നും ഗണിത വിദ്യ അറബി ലോകത്തെത്തി, അവിടെ നിന്നും പാശ്ചാത്യരാജ്യങ്ങളിലും എത്തി എന്ന് വിശ്വസിക്കപ്പെടുന്നു.

ഭാരതത്തിൽ നിന്ന് ലഭിച്ച ഗെയിം വിദ്യ അറബികൾ ഹിന്ദിസാറ്റ് എന്നായിരുന്നു വിളിച്ചിരുന്നത്. പൈ എന്ന ചിഹ്നത്തിന് കൃത്യമായ മൂല്യനിർണയം, കാൽക്കുലസ്, ജന ഗണിതം, ത്രികോണമിതി എന്നീ മേഖലകളിൽ കേരളത്തിൽ ഇന്നത്തെ ഇരിങ്ങാലക്കുടകടുത്ത് ജീവിച്ചിരുന്ന മാധവ ചാര്യൻ സംഭാവനകൾ പിന്നീട് ഭാരതത്തിലെ പാശ്ചാത്യരാജ്യങ്ങളിൽ ഗണിത ശാസ്ത്ര മേഖലയെ സഹായിച്ചിട്ടുണ്ട്.

Fahima Riya. P

9H

# ജീവിതം

ജനനത്തിനും മരണത്തിനും ഇടയിൽ പല പരീക്ഷണങ്ങൾ നേരിടുന്നതും ഒരുപാട് മടുപ്പിക്കുകയും ചിലപ്പോൾ കണ്ണീരിൽ അകപെട്ടുപോകുകയും ചെയ്യുന്ന ഒരു പ്രതിഭാസമാണ് ജീവിതം. ഇത് ഒരു പുസ്തകമാണ്. ഇതിന് പല അദ്ധ്യായങ്ങൾ ഉണ്ട്. ഒരാളുടെ പുസ്തകത്തിൽ എത്ര പേജ് എഴുതിയിട്ടുണ്ടെന്ന് ആർക്കും അറിയില്ല. ഓരോ ദിവസം കഴിഞ്ഞ് പോകുമ്പോളും അതിൽ നിന്ന് ഓരോ പേജും കൂട്ടി ചേർക്കാൻ പറ്റാത്ത വിധത്തിൽ കീറി മുറിച്ച് കളയുന്നു.

അതുകൊണ്ട് അതിൽ പിന്നീട് വായിക്കാം എന്ന് പറഞ്ഞ് നിർത്തിവെച്ചാൽ അത് നഷ്ട്ടപെട്ടുപോകും അത് ഒന്ന് മറിച്ച് നോക്കാൻ പോലും കഴിയില്ല. ജഗത് ഈശ്വരൻ ആണ് ഈ പ്രതിഭാസത്തിന്റെ എഴുത്തുക്കാരൻ. ചില പുസ്തകങ്ങളിൽ ചില പേജുകൾക്ക് ഭംഗി കൂടുതലായിരിക്കും. മറ്റുചിലതിനാകട്ടെ ഒട്ടും ഭംഗിയും ഉണ്ടവുകിയില്ല. അങ്ങനെ ഉള്ള പേജുകൾ മാത്രമുള്ള പുസ്തകങ്ങൾ അപൂർവമാണ്. അത് എഴുത്തുകാരന്റെ ഇഷ്ട്ട പുസ്തകങ്ങൾ ആവും.

Shabana. P

Class :9D

കവിത

ഗതിമാറി യൊഴുകുന്ന

നിലപോലെ നമ്മൾ

ഈ ജന്മം വഴി പിരിഞ്ഞൊഴുകി

അകലുമ്പോൾ

പ്രാണനിൽ പ്രണയവും

മിഴികളിൽ നോവുമായി

കണ്ണീർക്കയത്തിൽ നാം വിധിയെ പഴിക്കുന്നു

Fathima shifna

9-B

**കൊറോണയുടെ പിടിയിലമർന്ന  വിദ്യാലയം**

വാത്സല്യനിധികളാം എൻ

കുഞ്ഞുങ്ങൾ തൻ മുഖം

കാണാതെയെൻ മനം വിങ്ങിടുന്നു

പുഞ്ചിരി തൂകുമെൻ കുഞ്ഞുങ്ങളെ

നോക്കി ക്ലാസിൽ പ്രവേശിച്ച കാലമൊന്നോർത്തു ഞാൻ നിന്നു പോയീ¡

ഹൃദയം നിറഞ്ഞ ആ പുഞ്ചിരി

തൂകുന്ന മുഖം കാണു വാനെന്തു ഭംഗി

എത്രമേൽ ആഹ്ലാദത്തിമർപ്പോടെയാണവർ

ഒരുപാടു കാലം പഠിച്ച തത്രയും

ആടിയും പാടിയും കൂട്ടുകാരോടൊത്ത്

വഴിയിൽ നടന്നതും ഓർമ്മയായ് മാറീ

കൂട്ടുകാരോത്ത് കളിച്ചു രസിച്ചതും മിഠായി

വാങ്ങി തിന്നു രസിച്ചതും

വിദ്യാലയത്തിൻ പടി ചവിട്ടീടുവാൻ

കൊതിക്കുന്ന കുഞ്ഞുങ്ങളേറെയേറെ

അവധി ഞങ്ങൾക്കിനി വേണ്ട വേണ്ട

ഞങ്ങൾ ക്കമ്മയാം  ടീച്ചറേ കണ്ടാൽ മതി

ഇനിയും മരിക്കാത്ത ഓർമ്മയായ്

മാറിയ വിദ്യാലയ മെൻ നോവറിഞ്ഞു
കടലോളമുള്ള യീ സങ്കടങ്ങൾ വൻ



LITTLE KITE IT MEMBERS

തിരമാല പോലെയായ് മാറിടുന്നു

By Haseena MCC
UPSA
AMHSS THIRURKAD

## ഓർമ്മ തൻ മഷി തണ്ട്

ഓർമ്മ തൻ മഷി തണ്ട്  വീണ്ടും പറിക്കുമ്പോൾ ....

ഓടിയെത്തുന്നൊരാ

ബാല്യ കാലം...

പുത്തനുടുപ്പുമായ് , പുള്ളി കുടയുമായ്

പുതു പ്രതീക്ഷയിൽ കാൽ വെച്ച കാലം....

ചൂരലിൽ കഷായവും , ഉച്ചക്കഞ്ഞി തൻ രുചിയും നൽകിയിരുന്നൊരാ

മാധുര്യ കാലം....

കുട്ടച്ചിരികളും കലപില ശബ്ദവും കാതോർത്തിരുന്നൊരു മണിനാദവും....

എണ്ണി പറിച്ചതും, ഓടിക്കളിച്ചതും കിനാവിൽ

കുളിരേകുന്നൊരു കലാലയവും .....

കാലങ്ങളെത്രയോ

സൗഹൃദത്തേരിലായ്

പാറി പറന്നൊരാ .....

അനുഭൂതി കാലം ....

ഇനിയും തിരിച്ചു കിട്ടാത്തൊരാ

സത്യത്തിൻ ദുഖവും

പേറി ഞാനലഞ്ഞിടുന്നു ....

കാലങ്ങളെത്രയോ വേഗത്തിൽ കടന്ന് പോയ് ....
എങ്കിലും ഇന്നും ഞാൻ
കൊതിച്ചിടുന്നു .....

ആ മരത്തിൽ തണലിലായ് ഒത്തു ചേരാൻ .....
ആ കലാലയ ജീവാമൃതം
നുകർന്നിടുവാൻ ........

RASIM
9H

## ശ്രീനിവാസ രാമാനുജൻ

ഗണിത ശാസ്ത്രത്തിലെ ഒരു അത്ഭുത പ്രതിഭയാണ് ശ്രീനിവാസ രാമാനുജൻ. അദ്ദേഹം കയ്യാര്യം ചെയ്ത ഗണിത ശാസ്ത്ര മേഖല പോലെ അദേഹതിന്റെയ് ജീവിതവും തുടരുന്നു. അനന്തദ അറിഞ്ഞവൻ എന്നാണ് രാമാനുജന്റെയ് ജീവചരിത്രം എഴുതിയ റോബർട്ട് കരിമ്ജൽ രാമാനുജനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഭാരതീയ ഗണിത ശാസ്ത്ര പൈതൃത്തിന്റെയ് സവിശേഷധകൾ മുഴുവൻ രാമാനുജനിൽ സംഗമിക്കുന്നത് നമുക്ക് കാണാം.ശ്രീനിവാസ രാമാനുജന്റെയ് ജന്മ വാർഷികാതോട നുബന്ധിച്ചായിരുന്നു 2012ൽ ലോകം മുഴുവൻ ഗണിത വർഷമായി ആചരിച്ചത്. ആ വർഷം മുതൽ അദ്ദേഹത്തിന്റെ ജന്മ ദിനമായ ഡിസംബർ 22 ഇന്ത്യയിൽ ഗണിത ശാസ്ത്ര ദിനമായി ആചരിച്ചു പോരുന്നു. ഭാരതം കണ്ട ഏറ്റവും പ്രതിഭാഷാലിയായ ഗണിത

ശാസ്ത്രക്ജ്ഞനായിരുന്നു ശ്രീനിവാസ രാമാനുജൻ. കേവലം 33 വർഷം മാത്രം നീണ്ടുനിന്ന ജീവിതത്തിൽ തന്നെ ഗണിത ശാസ്ത്രകഞ്ജനേതാവുന്ന ഉയരങ്ങളിൽ രാമാനുജൻ എത്തിച്ചേരുകയുണ്ടായി.1729എന്നത് ഹാൽഡി–രാമാനുജൻ സംഖ്യ എന്നറിയപ്പെടുന്നു. വ്യത്യസ്ത രീതിയിൽ രണ്ട് പോസിറ്റീവ് ക്യൂബ്കളുടെ തുകയായി എഴുതാവുന്ന ഏറ്റവും ചെറിയ

സംഖ്യയാണിത്.1920 ഏപ്രിൽ 26ന് ആ മഹത്തായ ഗണിത ശാസ്ത്രകഞ്ഞൻ ഈ ലോകത്തോട് വിട പറഞ്ഞു.

Nidha fathima . T

9H

# നാം അന്ധന്മാർ

ദൈവം മനുഷ്യനെ സൃഷ്ടിച്ചതിനൊടപ്പം

മാലാഖമാർ തേടി ഇവക്കു വർണം

സഹചാരികൾ ചോദിച്ചത് രൂപമാറ്റം

ഇരുവർണ്ണങ്ങൾ ഇതേ പാടി ദൈവത്താലുടെലെടുത്തു .

മാലാഖമാരെല്ലാം അമ്പരന്നു പിന്നെ

വാനിനെ നോക്കി ആരവം മുഴക്കി

ഇരുവർണ്ണവും ഒപ്പത്തിനൊത്ത് മികച്ചത് തന്നെ ദൈവം മനുഷ്യനുമേൽ രൂപ മാറ്റം നൽകി സഹചാരികൾ അത്ഭുതമാം നയനം വിടർത്തിഎന്ത് ചന്തം എന്നാർപ്പുവിളി ദൈവത്തിന് മറുപടിയോ –വന്നെത്തി എൻ നിരീക്ഷണ കാലം മാനവരാശിയെ വാനിൽ നിന്നകറ്റി ശേഷം ഭൂമിയിൽ കലഹം മാത്രം അയ്യോ ...അവ ചന്ദ്രൻ നിറം പരിശുദ്ധാമായി പിന്നെ

ചന്ദ്രനു ശോഭ നൽകും കരിവാനിനെ തള്ളിമാറ്റി രൂപത്തിന് പേരിലും പോരായ്മ മാത്രം ഊർക്കിൽ കമ്പെന്നും മത്തങ്ങാ പോലെന്നും ആയിരം കണ്ണോടെ നോക്കിനിന്ന മാലാഖമാർ തൻ ഭാവം മാറി

നാം അവയ്ക്ക് ശോഭയും നിറവും രൂപവും നൽകി
ആസ്വദിക്കാനായി മിഴികൾ നൽകി എന്നിട്ടും അന്ധന്മാരല്ലേ അവർ മണ്ണിലലിയാണ് മാത്രം അപ്പോൾ നശിക്കുമീ ചിന്തകൾ ! എന്ന ദൈവത്തിന് വക്കിൽ തെറ്റില്ല താനും ..

9|

ASHMIL

# എ എം ഹൈസ്കൂൾ തിരൂർക്കാട്






തുടർച്ചയായി 3 തവണ
നാഷണൽ റോളർ സ്കേറ്റിങ്ങിൽ
പങ്കെടുക്കാൻ അവസരം ലഭിച്ച
റയ തൗഫീഖ്.(ലിറ്റിൽ കൈറ്റ്സ്
അംഗം കൂടിയാണ് )



സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ കുട നിർമാണത്തിൽ ഹൈസ്കൂൾ എ ഗ്രേഡോടെ രണ്ടാം സ്ഥാനം നേടിയ കെ മിൻഹ, എ.എം എച്ച് എസ് സ്കൂൾ തിരൂർക്കാട്. മങ്കട കൊളത്തൂർ നാഷണൽ ഹയർസെക്കന്ററി സ്കൂൾ ഹയർസെക്കന്ററി വിഭാഗം അധ്യാപകൻ സുധീർ അഹമ്മദിന്റെയും തിരൂർക്കാട് എ.എം.എച്ച്.എസ് അധ്യാപിക മുശീറയുടെയും മകളാണ്.



# സംസ്ഥാന പ്രവൃത്തി പരിചയമേളയിൽ കുട നിർമ്മാണത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ മിൻഹ കെ.(ലിറ്റിൽ കൈറ്റ്സ് അംഗം കൂടിയാണ് )





# രാജ്യപുരസ്ക്കാർ ജേതാക്കൾ